**Weekly Devotions - December 2018**

# Listen God's warning

## (മുന്നറിയിപ്പ് അംഗീകരിക്കുക)




മുന്നറിയിപ്പുകൾ അംഗീകരിക്കുന്നു എന്ന് ഭാവിച്ച് തിരസ്ക്കരിക്കുന്നവരാണ് ജനസമൂഹത്തിൽ ഭൂരിപക്ഷവും. അനുസരണമനോഭാവം നഷ്ടപ്പെടുന്നവർ ദൈവീകന്യായവിധിയുടെ ഇരകളാകും.

ഒരിക്കൽ കടപ്പുറത്തുകൂടെ നടന്ന ഒരു മനുഷ്യൻ തന്റെ മുൻപേ പോകുന്ന ഒരു ബാലനെ ശ്രദ്ധിച്ചു. തിരമാല കരയ്ക്കടുപ്പിച്ച നക്ഷത്രമത്സ്യങ്ങളെ മരണത്തിൽ നിന്ന് രക്ഷിക്കുവാനായി അവയെ വീണ്ടും കടലിലേക്ക് ആ ബാലൻ വലിച്ചെറിഞ്ഞു. 'വൃഥാ ശ്രമമല്ലേ കുഞ്ഞേ നീ ചെയ്യുന്നത്' എന്ന് ചോദിച്ച മനുഷ്യനോട് ബാലൻ മറുപടി പറഞ്ഞത് .ശരിയായിരിക്കാം ,മത്സ്യങ്ങൾ എല്ലാം രക്ഷപെടില്ലായിരിക്കാം, ഒന്നെങ്കിലും രക്ഷപെട്ടാൽ എനിക്ക് സന്തോഷമാണ്.ഇത് നിങ്ങൾക്കും മാറ്റം വരുത്തിയില്ലേ ? അതിനാൽ പോയി അനേകരെ മരണത്തിൽ നിന്ന് ജീവനിലേക്ക് രക്ഷിക്കുക എന്ന ബാലന്റെ വാക്കുകൾ കേട്ട മനുഷ്യൻ പുതിയ തീരുമാനത്തോടെ പോയി.

രക്ഷപെടുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്ന പലരും രക്ഷയുടെ മാർഗ്ഗം കേട്ട് ഉപേക്ഷിച്ചുകളയുന്നവരാണ്. ഇവർ എപ്പോഴും ലോകത്തിന്റെ (മിസ്രേമിന്റെ) സന്തോഷം അനുഭവിക്കു

വാൻ ആഗ്രഹിക്കുന്നു. രക്ഷയുടെ മാർഗ്ഗം യഹോവയോട് ചോദിച്ചറിയിപ്പാൻ യിരെമ്യാവെ ചുമതലപ്പെടുത്തിയവർ തന്നെ പ്രവാചകൻ സമർപ്പിച്ച യഹോവയുടെ വാക്കുകൾ തിരസ്ക്കരിച്ചു. മിസ്രേമിലേക്ക് പോകുവാൻ നിങ്ങൾ മുഖം തിരിച്ചാൽ വാൾകൊണ്ടും ക്ഷാമംകൊണ്ടും , മഹാമാരി കൊണ്ടും മരിക്കുമെന്നുള്ള മുന്നറിയിപ്പ് അവർ അവഗണിച്ചു.

Read യിരെ:(42:16-21)

യഹോവയുടെ വാക്കനുസരിക്കേണ്ടവർ അനുസരണക്കേട് കാട്ടുക മാത്രമല്ല ചെയ്തത്. യിരെമ്യാവിനെയും കൂടെയുള്ളവരെയും കൂട്ടി യഹോവ പോകരുതെന്ന് പറഞ്ഞിടത്തേക്ക് തന്നെ പോയി.

യിരെ (43:6-7)

കർത്താവിനെ ആത്മാർത്ഥമായി പിൻപറ്റുവാൻ ആഗ്രഹിക്കാതെ സഭയിൽ സംബന്ധിക്കുകയും , പ്രാർത്ഥിക്കുകയും കർത്തൃമേശയിൽ പങ്കെടുക്കുകയും ചെയ്യുന്നത് മാരകമായ തെറ്റാണ്. ദൈവകോപവും , ശിക്ഷാവിധിയുമാണ് അതുമൂലം നാം ചരതിച്ചു വയ്ക്കുന്നത്. (1കൊരി:11:27)

യിരെമ്യാവിന്റെ ഹിതമില്ലാതെ മിസ്രേമിലേക്ക് കൊണ്ടുപോയി എങ്കിലും ദൈവം താൻ വിളിച്ച യിരെമ്യാവിനെ ഉപയോഗിച്ച് അനുസരണക്കേട് കാട്ടിയവർക്കുള്ള ന്യായവിധി കാട്ടിക്കൊടുക്കുന്നു. യിരെ:46:25-26 വരെ വരെയുള്ള ഭാഗത്ത് യഹോവ അവരെ സന്ദർശിക്കുമെന്ന് കാണുന്നു. യിരെ:(43:8-11)വരെയുള്ള ഭാഗത്ത് പ്രവാചനിക ക്രിയ അദ്ദേഹത്തെക്കൊണ്ട് ചെയ്യിക്കുന്നതായി കാണാം. ന്യായവിധിയുടെ അടുത്ത ചിത്രമാണ് ഇത്. വലിയ കല്ലുകൾ ഫറവോന്റെ അരമനയുടെ പടിക്കലുള്ള കളത്തിലെ കളിമണ്ണിൽ കുഴിച്ചിടുക എന്നതായിരുന്നു ആദ്യ പ്രവർത്തി. മിസ്രേമിനെ ആക്രമിച്ച് കീഴടക്കും എന്നതിന്റെ പ്രതീകമാണ് ഇത്.

(തഹ്പനേസ് (യിരെ : 43:9)മണ്ണ് അടിഞ്ഞുകൂടിയ നൈൽ നദിയുടെ തീരത്ത് ഭൂഗർഭ ഗവേഷകർ അനേക വലിയ കെട്ടിടങ്ങൾ കണ്ടെത്തിയിരുന്നു . ഈ കെട്ടിടങ്ങൾ ഒന്നിച്ചു ചേർത്ത് ഫറോസ് പാലസ് എന്നറിയപ്പെടുന്നു. ആ കല്ലുകൾക്കു മുകളിൽ വച്ച രാജസിംഹാസനം ബാബേൽ രാജാവ് വിജയം നേടുകയും ദൈവത്തിന്റെ ന്യായവിധി അനുസരണം കെട്ടവരുടെ മേൽ വന്നു എന്നതിന്റെയും തെളിവാണ് . യഹോവയുടെ വാക്കു കേൾക്കാതെ പോയവരുടെ ന്യായവിധിയും പ്രവാസത്തിനുള്ളവരെ പ്രവാസത്തിനും കൊണ്ടു പോകുന്നത് വളരെ വേഗത്തിൽ പൂർത്തിയാക്കി. "As a shephered putteth on his garment"എന്നതുപോലെ വളരെ ആയാസരഹിതമായിട്ടാണ് നെബുഖദനസ്സേർ രാജാവ് പ്രവർത്തിച്ചത്. യഹോവയുടെ കോപത്തിന്റെ തീയിറങ്ങിയാൽ എല്ലാം ഇതുപോലെ വേഗം നടക്കും എന്ന് മറക്കരുത്. വ്യക്തികളിൽ കൂടെയും, മറ്റ് പല മാർഗ്ഗങ്ങളിൽ കൂടെയും തരുന്ന വചനാധിഷ്ഠിത മുന്നറിയിപ്പുകൾ സ്വീകരിച്ച് തെറ്റുതിരുത്തി പുതുവർഷത്തിലേക്ക് കടക്കുവാൻ ഒരുങ്ങുക. വചനം സ്വീകരിച്ചാൽ ക്രിസ്തു ഉള്ളിൽ ജനിക്കും.

തുടർന്ന് ഞാൻ യഹോവയുടെ  വാക്കുകൾ എല്ലാക്കാലത്തും കേട്ടനുസരിയ്ക്കും എന്ന് തീരുമാനിപ്പാൻ ദൈവം കൃപചെയ്യട്ടെ.

**God bless you all**

Santhamma Varghese
*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind